ആദർശ് കുമാർ*

**കിഴക്കു വശത്താണ് പ്ളാവ് വളരേണ്ടത്. പുളി, കവുങ്ങ് തുടങ്ങിയവ തെക്കുഭാഗത്തും മാവ് വടക്കുഭാഗത്തും തെങ്ങ് പടിഞ്ഞാറു ഭാഗത്തും നടണം.**



# വീട്ടുവളപ്പിൽ ഏതൊക്കെ മരങ്ങൾ?

വീട്ടുവളപ്പിൽ ഏതൊക്കെ മരങ്ങൾ വച്ചുപിടിപ്പിക്കാം? ചില മരങ്ങളുടെ സാന്നിദ്ധ്യം വീട്ടിലെ താമസക്കാർക്ക് അഭിവൃദ്ധി നൽകും. ചിലത് ദോഷകരമാണ്. മരങ്ങളും മനുഷ്യനും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. മനുഷ്യന്റെ ജീവന് ആധാരവും ഈ ബന്ധം തന്നെ.

മരങ്ങളുടെ കാതലിനെ 'സാരം' എന്നാണ് സൂചിപ്പിക്കുന്നത്. അതിനാൽ സാരത്തെ അടിസ്ഥാനമാക്കിയാണ് മരങ്ങൾ നട്ടുവളർത്തേണ്ടത്. അന്തസാരം, ബഹിർസാരം, സർവ്വസാരം, നിസാരം എന്നിങ്ങനെ മരങ്ങളെ തരംതിരിച്ചിട്ടുണ്ട്.

അകവശത്തു മാത്രം കാതലുള്ള മരങ്ങളാണ് അന്തസാരഗണത്തിൽ പെടുന്നത്. ഉദാഹരണം: പ്ളാവ്, ആഞ്ഞിലി മുതലായവ. പുറത്തു മാത്രം കാതലുള്ള മരങ്ങൾ ബഹിർസാരത്തിൽ പെടുന്നു. ഉദാഹരണം: തെങ്ങ്, പന, കവുങ്ങ്. വെള്ള ഒട്ടുമില്ലാതെ, നിറയെ കാതലുള്ള മരങ്ങളാണ് സർവ്വസാരം എന്ന ഇനത്തിൽ പെടുന്നത്. ഉദാ: തേക്ക്, ഈട്ടി. ഒട്ടും കാതലില്ലാത്ത പാല, മുരിങ്ങ തുടങ്ങിയവ 'നിസാര' ഇനത്തിൽ പെടുന്നു.



തെങ്ങ്, പ്ളാവ്, മാവ്, പുളി, കവുങ്ങ് തുടങ്ങിയവ വീട്ടുവളപ്പിൽ സാധാരണയായി കാണാറുള്ള വൃക്ഷങ്ങളാണ്. വാസ്തുശാസ്ത്രപ്രകാരം ഇവയ്ക്കും പ്രത്യേകം സ്ഥാനങ്ങളുണ്ട്. ഈ വൃക്ഷങ്ങൾ യഥാസ്ഥാനത്താണ് നിൽക്കുന്നതെങ്കിൽ വീട്ടുകാർക്ക് അഭിവൃദ്ധിയുണ്ടാകും.

കിഴക്കു വശത്താണ് പ്ളാവ് വളരേണ്ടത്. പുളി, കവുങ്ങ് തുടങ്ങിയവ തെക്കുഭാഗത്തും മാവ് വടക്കുഭാഗത്തും തെങ്ങ് പടിഞ്ഞാറു ഭാഗത്തും നടണം. വസ്തുവിൽ ഈ വൃക്ഷങ്ങളില്ലെന്നു കരുതി അഭിവൃദ്ധിക്കുറവൊന്നും സംഭവിക്കില്ല.

'നിസാര' ഗണത്തിലെ ചില വൃക്ഷങ്ങൾ വീട്ടുവളപ്പിലുണ്ടാകരുത്. രോഗങ്ങളും ദുരിതങ്ങളും ആൾനാശവുമുണ്ടാകാൻ ഈ വൃക്ഷങ്ങൾ ഹേതുവാകാറുണ്ട്. കാഞ്ഞിരം, പാല, കള്ളിച്ചെടി എന്നിവ ഒരു കാരണവശാലും വീട്ടുവളപ്പിൽ പാടില്ല. എന്നാൽ, വീടിന്റെ മുൻവശത്ത് കള്ളിച്ചെടി കെട്ടിത്തൂക്കുന്നതുകൊണ്ട് ദോഷമില്ല. സർവ്വരോഗ സംഹാരിയാണ് വേപ്പുമരമെങ്കിലും അത് വീടിനോട് ചേർന്നുവളർത്തരുത്. കറിവേപ്പില നടുകയാണെങ്കിൽ വീടിന് അതിർത്തിതിരിച്ച്, അതിനു വെളിയിലായിരിക്കണം. അല്ലെങ്കിൽ പുത്രസന്താനങ്ങൾക്ക് ദോഷം വരുത്തുമത്രെ. വസ്തുവിന്റെ ദോഷം മാറാൻ തെക്കുഭാഗത്ത് ഒരു പുളിമരം നടുന്നത് നല്ലതാണ്.

ക്ഷേത്രങ്ങളോടനുബന്ധിച്ച് ആൽമരമുണ്ടാകുന്നത് ശ്രേഷ്ഠമായാണ് കണക്കാക്കുന്നത്. ആൽമരത്തെ 21 പ്രാവശ്യം പ്രദക്ഷിണം വച്ചാൽ സകലപാപങ്ങളും തീരുമെന്നാണ് വിശ്വാസം. പക്ഷേ, ആൽമരം വീട്ടുവളപ്പിൽ നടുമ്പോൾ ശ്രദ്ധിക്കണം. പേരാൽ വീടിന്റെ കിഴക്കുഭാഗത്തും അരയാൽ പടിഞ്ഞാറു ഭാഗത്തുമാണ് നടേണ്ടത്.

വീട്ടുവളപ്പിൽ ശീമപ്ളാവ് നട്ടാൽ കുടുംബാംഗങ്ങൾക്ക് അപകടം സംഭവിക്കാനിടയുണ്ട്.

⇨





വാസ്തുവിദ്യ, ജ്യോതിഷം, രേഖാശാസ്ത്രം തുടങ്ങിയ വിഷയങ്ങൾകൈകാര്യം ചെയ്യുന്ന ആദർശ്കുമാർ ഇന്ത്യൻ ബഹിരാകാശ ഗവേഷ ണകേന്ദ്രത്തിലെ എൻജിനീയറാണ്. ആരോഗ്യ രേഖാശാസ്ത്ര ത്തിൽ ഗവേഷണം നടത്തുന്നു. ഫോൺ: 95471 2441002.

>>> നഗരം

*കത്തീഡ്രൽ സിററി ഓഫ് ഇന്ത്യ എന്നറിയപ്പെടുന്ന നഗരം? ഭുവനേശ്വർ.*



www.aadarshkumar.com